പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,

നം.എൻ.എം(3)/38948/10/ഡി.പി.ഐ. തിരുവനന്തപുരം, തീയതി : 23.11.10

## സർക്കുലർ

വിഷയം : പൊ.വി. - ഉ.ഭ.പ. - സ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള പാൽ വിതരണം - സംബന്ധിച്ച്.

സൂചന : 1) മിൽമ എം.ഡി.യുടെ 29.10.10-ലെ 48/എം.എം.ജി/10036 നം. കത്ത്.
2) 15.11.10-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നോട്ട് ഓർഡർ.

* * * * *

മേൽ സൂചന (1)-ലെ കത്തിൽ മലപ്പുറം ജില്ലയിലെ ഏതാനും സ്ക്കൂളുകളിൽ 27.10.10-ന് സ്ക്കൂളധികൃതർ ആവശ്യപ്പെട്ട അളവനുസരിച്ച് മിൽമ പാൽ ബൂത്തുകളിൽ എത്തിക്കുകയുണ്ടായി. എന്നാൽ സ്ക്കൂൾ അധികൃതർ പാൽ എടുത്തുകൊണ്ടുപോയിട്ടില്ലായെന്നും അന്നേ ദിവസം വൈകുന്നേരംവരെ നിരവധിതവണ സ്ക്കൂളധികൃതരെ ഓർമ്മപ്പെടുത്തിയിട്ടും പാൽ എടുത്തുകൊണ്ടുപോകാൻ കൂട്ടാക്കിയിട്ടില്ലായെന്ന് മിൽമയുടെ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

മിൽമയുടെ പാൽ സ്ക്കൂൾ ആവശ്യത്തിനായി പ്രത്യേകം കവറിൽ നിറച്ചാണ് വരുന്നത്. ഈ പാൽ പുറമെ വിൽക്കുവാൻ മിൽമയ്ക്ക് സാധിക്കുകയില്ല. മാത്രമല്ല മിൽമ മാനേജിംഗ് ഡയറക്ടറുടെ 14.07.10-ലെ കത്തിൽ സ്ക്കൂളിലെ ആവശ്യത്തിനായി വേർതിരിച്ച് സ്ക്കൂളുകാരുടെ ഇന്റന്റ്പ്രകാരം വിതരണത്തിനായി ബൂത്തുകളിൽ എത്തിച്ചുകഴിഞ്ഞാൽ അവ വിദ്യാഭ്യാസ വകുപ്പിന് വിറ്റതായി കണക്കാക്കുകയും അത്രയും ലിറ്റർ പാലിന്റെ വില പൊതു വിദ്യാഭ്യാസ ഡയറക്ടർ മിൽമയ്ക്ക് നൽകണമെന്നും അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രധാനാദ്ധ്യാപകരുടെ ഇന്റന്റ്പ്രകാരം ബൂത്തുകളിൽ എത്തിക്കുന്ന മിൽമ പാൽ നിർബന്ധമായും സ്ക്കൂളധികൃതർ ഏറ്റെടുക്കേണ്ടതാണ്.

സ്ക്കൂളുകളിൽ കൊണ്ടുവരുന്ന പാൽ വളരെ ശ്രദ്ധയോടും ശുദ്ധിയോടുംകൂടി കൈകാര്യം ചെയ്യേണ്ടതാണ്. പാൽ തിളപ്പിക്കുന്നതിനുള്ള പാത്രം വളരെ ശുദ്ധിയോടെയും വൃത്തിയായും സൂക്ഷിക്കേണ്ടതാണ്. ആലപ്പുഴ ജില്ലയിലെ ഒരു സ്ക്കൂളിൽ ഭക്ഷ്യവിഷബാധയേറ്റത് പാൽ തിളപ്പിച്ച പാത്രത്തിന്റെ അശുദ്ധിയും സ്ക്കൂളധികൃതരുടെ അനാസ്ഥയുംമൂലമാണ്. ആയതിനാൽ ഇക്കാര്യത്തിൽ പ്രധാനാദ്ധ്യാപകർ അതീവ ശ്രദ്ധ കൊടുക്കേണ്ടതാണ്. പാൽ തിളപ്പിച്ച് പഞ്ചസാരയിട്ടു വേണം കുട്ടികൾക്ക് വിതരണം ചെയ്യേണ്ടത്. പാൽ പാകം ചെയ്ത് നൽകുന്നതിലേയ്ക്കായി കുട്ടിയൊന്നിന് ഒരു ദിവസത്തേയ്ക്ക് 40 പൈസ പ്രകാരം കണ്ടിജൻസി നൽകുന്നതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അനന്തര നടപടികൾക്കായി

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും തങ്ങളുടെ അധികാരപരിധിയിലുള്ള സ്ക്കൂളുകൾക്ക് ഈ സർക്കുലർ നൽകേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.